# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൂണേരി ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി/പി11/1847/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് .20

ഫോൺ. 0495-2371012

E-mail: dokkd.ksad@kerala.gov.in

തീയ്യതി :12.10.2017

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

തൂണേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18,1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി/പി1847/2017 തീയതി: 12.10.2017

# കോഴിക്കോട് ജില്ലയിലെ ഉണേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കോഴിക്കോട് ജില്ലയിലെ ഉണേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14.10.2016 മുതൽ 26.06.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒരു മറുപടി ലഭിച്ചു. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വിനോദ് ശ്രീധർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.09.2017 മുതൽ 18.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ഗിരീശൻ പാറപ്പൊയിൽ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.രാജീവൻ.എൻ<br>ശ്രീമതി.രാജിമ.എ.സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.വിജേഷ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സുരേഷ് കുമാർ.പി.പി | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.സതീഷ്ബാബു.പി.കെ | 01.04.2016 മുതൽ 31.03.2017 വരെ |

(സി) നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | സജിത്ത് കുമാർ ഇ പി | 10/2/2017 മുതൽ 31/3/2017 വരെ |
| വി.ഇ.ഒ | നിസാദ് വി എം | 1-04-2016 മുതൽ 31-03-2017വരെ |
| അസി.എഞ്ചിനീയർ | ഒസീല ബീവി , | 1-04-2016 മുതൽ 11-07-2016 വരെ |

| | | |
|---|---|---|
| | മന മോഹൻ | 12-07-2016 മുതൽ 27-11-2016 വരെ |
| | രവി കെ | 28/11/2016 മുതൽ 21/01/2017 വരെ |
| | സുനിത പി കെ | 22/01/2017 മുതൽ 31/03/2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | അനിത കെ എം | 1-04-2016മുതൽ 31-08-2016വരെ |
| | കൗസല്യ ബി കെ | 1-09-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. കെ ടി വിജയലക്ഷ്മി | 1-04-2016 മുതൽ 31-03-2017 വരെ |
| വെറ്റിനറി സർജൻ | ഡോ.കെ പി സുനിൽ കുമാർ | 1-04-2016മുതൽ 31-03-2017വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ സൗമ്യവതി എൻ കെ | 1-04-2016മുതൽ 31-03-2017വരെ |
| ഹെഡ് മാസ്റ്റർ | മൊയ്തു പി സി | 1-04-2016മുതൽ 5-06-2016വരെ |
| | സി ഭാസ്കരൻ | 6-06-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച് .സി) | ഡോ.അബ്രഹാം ജേക്കബ് | 1-04-2016മുതൽ 3-07-2016വരെ |
| | ഡോ അബ്ദുൾ സലാം ടി | 4-07-2016 മുതൽ 31-03-2017വരെ |
| കൃഷി ഓഫീസർ | ഇബ്രായി കെ | 1-04-2016 മുതൽ 31-03-2017 വര |

# ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1<br>പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 2-1 | വാർഷിക കണക്കിലെ അപാകങ്ങൾ |
| 12 | 2-2 | വസ്തു നികുതി – അപാകതകൾ |
| 13 | 2-3 | ക്യാഷ് ചെയ്യാത്ത ചെക്കുകൾ പ്രകാരമുള്ള തുകകൾ അക്കൗണ്ടിലേക്ക് മുതൽ കൂട്ടിയില്ല |
| 14 | 2-4 | രസീതുകളുടെ ഉപയോഗം – അപാകതകൾ |
| 15 | 2-5 | ഡി & ഒ ലൈസൻസ് – അപാകതകൾ |
| 16 | 2-6 | തൊഴിൽ നികുതി – അപാകതകൾ |

| | | |
|---|---|---|
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | 3-1 | നിർവ്വഹണത്തിൽ വീഴ്ച – പദ്ധതി ചെലവ് കുറഞ്ഞു – 38.69 ലക്ഷം രൂപ നഷ്ടപ്പെടുത്തി. |
| 18 | 3-2 | അങ്കണവാടികളിലെ പോഷകാഹാര വിതരണം – കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിൽ കുറവ് – വികസനഫണ്ട് വകമാറ്റപ്പെടുന്നു. |
| 19 | 3-3 | പുഴ, പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല. |
| 20 | 3-4 | പ്രവൃത്തികൾ ഇ ടെണ്ടർ നടത്തിയത് – ടെണ്ടർ ഫോറം വില നാളിതുവരെ ലഭ്യമായിട്ടില്ല. |
| 21 | 3-5 | ആശ്രയ ഭവന പദ്ധതി – ചെലവ് രേഖകൾ ഹാജരാക്കിയില്ല – 1100000/-രൂപ തടസ്സപ്പെടുത്തുന്നു. |
| 22 | 3-6 | വ്യക്തിഗത ഗാർഹിത കക്കൂസ് നിർമ്മാണം രേഖകൾ ഹാജരാക്കിയിട്ടില്ല – 1586200/-രൂപ തടസ്സപ്പെടുത്തുന്നു. |
| 23 | 3-7 | PMAY – ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക തടസ്സം ചെയ്യുന്നു. |
| 24 | 3-8 | കിണർ നിർമ്മാണം ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 25 | 3-9 | എം.കെ.എം ന് വിഹിതം കൈമാറൽ – വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 26 | 3-10 | എസ്.എസ്.എ പദ്ധതി – വിനിയോഗ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല. |
| 27 | 3-11 | പെയിൻ & പാലിയേറ്റീവ് പദ്ധതി – നിർവ്വഹണത്തിലെ വീഴ്ചകൾ |
| 28 | 3-12 | നെൽകൃഷി വികസന പദ്ധതി – നിർവ്വഹണത്തിൽ വീഴ്ച |
| 29 | 3-13 | പത്ര പരസ്യം നൽകൽ – സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമായില്ല. |
| 30 | 3-14 | സംസ്കരണ സ്ഥലത്തേക്ക് മാലിന്യങ്ങൾ കൊണ്ടുപോകൽ പദ്ധതി – സർക്കാർ ഉത്തരവിന് വിരുദ്ധം |
| 31 | 3-15 | തെരുവ് വിളക്ക് – വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. |
| 32 | 3-16 | പദ്ധതി രൂപീകരണം മോണിറ്ററിംഗ് – അപാകതകൾ |
| 33 | 3-17 | പുതിയ റോഡുകളുടെ നിർമ്മാണം – മൺപണികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല |
| 34 | 3-18 | അങ്കണവാടികളിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചില്ല |
| 35 | 3-19 | തുടർ സാക്ഷരതാ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല. |
| 36 | 3-20 | ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. |
| 36 | 3-21 | തൊഴിൽ രഹിത വേതനം – അപാകതകൾ |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 38 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |

| | | |
|---|---|---|
| 39 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 40 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 41 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 42 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 43 | 4-6 | ഓഡിറ്റ് റിക്കവറി |
| 44 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 45 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 46 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 47 | അനുബന്ധം 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ പുതുക്കിയ ബജറ്റ് 2-03-2016 തിയതിയിലെ 26/16 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 **1-2** വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2017 | 27-07-2017 | ……. | …… |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 15-09-2017 മുതൽ 16-09-2017വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു |

## 1-4 സാമ്പത്തിക വിശകലനംസാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 5633127.25

വരവ് - 37775296

ആകെ - 43408423.25

ചെലവ് - 37218750

നീക്കിയിരിപ്പ് - 6189673.25

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 9019204 | 9019204 | 8753535 | 265669 | 97 |
| വികസനഫണ്ട് എസ്.സി.പി. | | 669765 | 669765 | 505280 | 164485 | 75 |
| വികസനഫണ്ട് ടി.എസ്.പി. | | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | | 6008076 | 6008076 | 4416798 | 1591278 | 73 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 2554755 | 2554755 | 2374755 | 180000 | 92 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 5058612 | 5058612 | 4191301 | 867311 | 82 |
| പെർഫോമൻസ് ഗ്രാന്റ് | | 2648822 | 2648822 | 1848822 | 800000 | 93 |
| എം.എൻ.ആർ.ഇ.ജി.എസ്. | 6052.5 | 650390 | 656442.5 | 612461 | 43981.5 | 93 |
| ബി ഫണ്ട് | | 24817800 | 24817800 | 24817800 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 116 | 37117417 | 80 | 25506394 | 10 | 26 | 69 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | | | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3014886 | 3599023 | 584137 | 19 |
| നികുതിയേതര വരവുകൾ | 523363 | 579288 | 55925 | 11 |
| മറ്റുവരവുകൾ | 6643298 | 7305948 | 662650 | 10 |
| ആകെ | 10181547 | 11484255 | 1302712 | 79 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 273000 | 156 |
| കർഷകതൊഴിലാളി പെൻഷൻ | 8844000 | 743 |
| വിധവാപെൻഷൻ | 10236000 | 861 |
| വാർദ്ധക്യകാലപെൻഷൻ | 1714800 | 1483 |
| വികലാംഗപെൻഷൻ | 3192000 | 271 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 408000 | 34 |
| വിവാഹധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-09-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തുക ബാങ്കിൽ ഒടുക്കിയതിലാൽ ബാലൻസ് ഇല്ലായിരുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-08-2017 | 2017 ജൂലൈ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11-09-2007 | 1997-98 മുതൽ 2006-07 വരെ | 15-10-2005 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കിലെ അപാകതകൾ

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ താഴെ താഴെ പറയുന്ന അപാകതകൾ കണക്കുകൾ തയ്യാറാക്കിയതിൽ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. സാംഖ്യ ആരംഭിക്കുന്നതിന് മുമ്പുള്ള മുഴുവൻ ആസ്തികളുടേയും വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വസ്തുനികുതി കുടശ്ശിക,തൻവർഷ ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരമുള്ള കുടശ്ശിക ,തൻവർഷ ഡിമാന്റ് തുകകൾ അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല

3. ലഭ്യത സംശയാസ്പദമായ വസ്തുനികുതിക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

4. ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ മെന്റ് പ്രകാരമുള്ള വർഷാവസാനമിച്ചം ബാലൻസ് ഷീറ്റിലെ ബി-1 ,ഷെഡ്യൂളിലേക്ക് കാരി ഓവർ ചെയ്തത് വ്യത്യാസപ്പെട്ടിരിക്കുന്നു . ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരം വർഷാവസാന കമ്മി 2043947 രൂപയാണ് കാണിച്ചിട്ടുള്ളത് എന്നാൽ ബാലൻസ് ഷീറ്റ് ബി -1 ഷെഡ്യൂളിൽ മിച്ചഫണ്ട് 1192270.80 ആണ് കാണിച്ചിട്ടുള്ളത്

5. മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

6. വാർഷീക കണക്കിൽ OTHER DEPOSIT RECEIVED 5000 രൂപ വരവുണ്ട് രജിസ്റ്റർ പ്രകാരം പ്രസ്തുത ഹെഡ്ഡിൽ വരവില്ല

7. നിർവ്വഹണോദ്യോഗസ്ഥർ മുഖേനയുള്ള പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ് ,ആദായനികുതി നിർമ്മാണതൊഴിലാളി ,ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല

8. B -18 ,,ഷെഡ്യൂളിൽ PA ഉൽപ്പെടുത്തിയിട്ടില്ല

9. B-17 ,ഷെഡ്യൂളിൽ ഗ്രാന്റിന് തുടങ്ങിയ ബാങ്ക് അക്കൗണ്ടിൽ SSA യുടെ ബാങ്ക് അക്കൊണ്ട് തുക B-4 ഷെഡ്യൂളിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. ഉദാ -ബി -17 ഷെഡ്യൂൾ പ്രകാരം SSA ഫണ്ടിന്റെ ബാങ്ക് അക്കൊണ്ട് തുക 54605 രൂപയും ബി -4 ഷെഡ്യൂളിൽ 49647 രൂപയും ആണ്

10. കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങലിലെ 60 ആം ചട്ട പ്രകാരം ഓരോ മാസവും 10ാം തീയതിക്കകം കഴിഞ്ഞ മാസത്തെ വരവ് ചെലവ് പത്രിക തയ്യാറാക്കി ധനകാര്യ സ്റ്റാന്റിഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്യേണ്ടതാണ് .എന്നാൽ ഗ്രാമപഞ്ചായത്തിൽ മിക്കമാസങ്ങളിലും നിശ്ചിത തീയതിക്കുശേഷമാണ് കണക്കുകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങിയത്.

11. 2016-17 വർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാരാക്കിയിട്ടില്ല. അതുപോലെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്ല്യം, തൻവർഷം നടത്തിയ സ്റ്റോർ പർച്ചേസിന്റെ മൂല്ല്യം,ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്ല്യം എന്നിവ തയ്യാറാക്കിയിട്ടില്ല.

12. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പ്രകാരം ഓഡിറ്റ് റിക്കവറി 86506 രൂപയാണ് . എന്നാൽ അക്കൗണ്ടിൽ 200 രൂപയാണ് ഈ ഇനത്തിൽ വരവുള്ളത്

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

### 2-2 വസ്തു നികുതി - അപാകതകൾ

1) പഞ്ചായത്ത് മേഖലാ വിഭജനം, റോഡ് തരം തിരിവ്, അടിസ്ഥാന വസ്തു നികുതി നിശ്ചയിക്കൽ എന്നിവ വിജ്ഞാപനം നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല.

2)ചുവടെ പട്ടികയിൽ കൊടുത്ത കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കിയപ്പോൾ നികുതിയിൽ കുറവ് വന്നു.

| കെട്ടിട നമ്പർ, വിസ്തീർണം | കെട്ടിട ഉടമ | കെട്ടിടത്തിന്റ തരം | നികുതി കണക്കാക്കിയത് | നികുതി കണക്കാക്കിയതിലെ അപാകത | നഷ്ടം |
|---|---|---|---|---|---|
| 15/147A<br>270.68m2 | സമീർ, പട്ട്യേരി മാത്തിൽ | വീട് | വഴി- 1.5 മീറ്ററിൽ കൂടുതൽ എന്ന് | വഴി 5 മീറ്റർ റോഡാണ് | 217+11=<br>217 |

| | | | | | |
|---|---|---|---|---|---|
| | | | കണക്കാക്കി. | | |
| 1/209B, 93.8m2 | പ്രസിഡന്റ് ഹിദായ കൾച്ചറൽ സെന്റർ | ഓഫീസ് | വഴി- 1.5 മീറ്ററിൽ കൂടുതൽ എന്ന് കണക്കാക്കി. | വഴി 8 മീറ്റർ റോഡാണ് | 558+30= 588 |
| 5/410A, 394.82m2 | ചന്ദ്രൻ വള്ളിൽ | വീട് | വിസ്തീർണം375.02 m2 എന്നാണ് കണക്കാക്കിയത് | വിസ്തീർണം കണക്കാക്കിയതിൽ 19.8m2 ന്റെ കുറവുണ്ടായി | 80+4= 84 |
| 12/317A, 232.92m2 | സുരേഷ് പുത്തലത്ത് | വീട് | വിസ്തീർണം 217.66m2 എന്നാണ് കണക്കാക്കിയത് | വിസ്തീർണം കണക്കാക്കിയതിൽ 15.26m2 ന്റെ കുറവുണ്ടായി | 61+3= 64 |
| 12/267A, 1406.79M2 | സിറാജ്, ജംഷീന, ഒതയോത്ത് | വീട് | തൃതീയ മേഖലയായി കണക്കാക്കി | പ്രാഥമിക മേഖലയായാണ് കണക്കാക്കേണ്ടത് | 1128+56= 56 |
| ആകെ നഷ്ടം | | | | | 2044+104= 2148/- |

<u>2.ടവറുകളുടെ വസ്തുനികുതി ഒടുക്കിയിട്ടില്ല</u>

ചുവടെ പട്ടികയിൽ കൊടുത്ത ടവറുകളുടെ 2016-17 വർഷത്തെ വസ്തുനികുതി ഒടുക്കിയിട്ടില്ല. ആയത് ഒടുക്കുന്നതിനായി പഞ്ചായത്ത് ഓഡിറ്റ് പിരീഡ് വരെയും നോട്ടീസ് നൽകിയിട്ടില്ല.

| കെട്ടിട നമ്പർ | ഉടമസ്ഥൻ | നികുതി | കുടിശ്ശിക |
|---|---|---|---|
| 4/319 | സീനിയർ മാനേജർ, ഭാരതി എയർടെൽ ലിമിറ്റഡ് | 11550+(LC-578) | 2016-17 |
| 13/411 | പ്രേമകൃഷ്ണൻ നായർ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്,കൊച്ചി | 9000+(LC-450) | 2016-17 |
| ആകെ കുടിശ്ശിക | | 20550+(LC-1028) | |

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം10/16-17/18.9.17) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 <u>ക്യാഷ് ചെയ്യാത്ത ചെക്കുകൾ പ്രകാരമുള്ള തുകകൾ അക്കൗണ്ടിലേക്ക് മുതൽ കൂട്ടിയില്ല</u>

മുൻ വർഷങ്ങളിൽ വിതരണം ചെയ്ത ചെക്കുകൾ പ്രകാരമുള്ള തുകകൾ നാളിതുവരെ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചിട്ടില്ല. ഇഷ്യൂ ചെയ്ത് 3 മാസത്തിനുള്ളിൽ പിൻവലിച്ചില്ലെങ്കിൽ ചെക്കുകൾ അസാധുവാകുമെന്നിരിക്കെ, ചുവടെ പട്ടികയിൽ കൊടുത്ത ചെക്കുകൾ നാളിതുവരെ അക്കൗണ്ടിൽ തിരികെ വരവ് വയ്ക്കാത്തത് വിശദീകരിക്കപ്പെടേണ്ടതാണ്.

| ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|
| 21300595 | 23/12/2013 | 3862 |
| 21400922 | 27/03/2015 | 750 |
| ആകെ | | 4612 |

മേൽ തുക അക്കൗണ്ടിൽ തിരികെ വരവ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ,അക്കൗണ്ടിന്റെ റീകൺസിലിയേഷൻ മാസാമാസം നടത്തുന്നില്ല. മെയ് 2017 വരെ മാത്രമാണ് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ നടത്തിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം11/16-17/18.9.17) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-4 രസീതുകളുടെ ഉപയോഗം- അപാകതകൾ

1) ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് അനുവദിച്ച രസീതു ബുക്കുകളിൽ കെട്ടിട നികുതി പിരികിക്കുമ്പോൾ കെട്ടിട നികുതി വർഷം, നികുതി, ലൈബ്രറി സെസ്സ് എന്നിവ പിരിച്ചെഴുതാതെ ഇവ എല്ലാം കൂടി കൂട്ടി കിട്ടുന്ന തുകയാണ് 2016-17 നികുതി എന്ന് രേഖപ്പെടുത്തി വാങ്ങുന്നത്. ഇതുമൂലം കക്ഷികൾക്ക് തങ്ങളുടെ നികുതി എത്രയെന്നോ, കുടിശ്ശിക നികുതി, കുടിശ്ശിക സെസ്സ് എന്നിവ എത്രയെന്നോ വ്യക്തമാവുന്നില്ല. കൂടാതെ മേൽ രീതിയിൽ നികുതി പിരിക്കുന്നതിനാൽ കലക്ഷൻ രജിസ്റ്ററിൽ നികുതി, സെസ്സ് എന്നിവ പിരിച്ചെഴുതുമ്പോൾ നികുതിയിലും സെസ്സിലും ഡിമാന്റ് രജിസ്റ്ററിലെ നികുതിയുമായിവ്യത്യാസം വരുന്നതായും താണുന്നു. പഞ്ചായത്തിൽ രസീത് ബുക്ക് അനുവദിച്ച എല്ലാ ജീവനക്കാരും നികുതി രസീത് ബുക്കിൽ രേഖപ്പെടുത്തുന്നത് മേൽ പ്രകാരമാണ്.

2) കൃഷി ഓഫീസർക്ക് അനുവദിച്ച രസീത് ബുക്കുകളിൽ ഗുണഭോക്തൃ വിഹിതം കൈപ്പറ്റിയ രസീതുകളിൽ ഒന്നിലും തീയതി രെഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം9/16-17/18.9.17) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 958 വാണിജ്യ കെട്ടിടങ്ങൾ ഉണ്ട് എന്നാൽ 212 എണ്ണത്തിന് മാത്രമേ ഡി & ഒ ലൈസൻസ് നൽകിയിട്ടുള്ളൂ.

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം13/16-17/18.9.17) മറുപടി നൽകിയിട്ടില്ല. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-6 തൊഴിൽ നികുതി - അപാകതകൾ

1) ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

ചുവടെ പട്ടികയിൽ കൊടുത്ത സ്ഥാപനങ്ങളിൽ 2016-17 ൽ പട്ടികയിൽ പറയും പ്രകാരം എണ്ണം തൊഴിലാളികൾ ഉള്ളതായി സത്യവാങ്മൂലം നൽകിയിട്ടുണ്ട്, എന്നാൽ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കുകയോ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

| ലൈസൻസ് നമ്പർ | സ്ഥാപനം | തൊഴിലാളികലുടെ എണ്ണം |
|---|---|---|
| 53 | പുത്തഞ്ചേരി ട്രേഡേഴ്സ് | 4 |
| 139 | കള്ള് ഷാപ്പ് | 2 |
| 189 | ടൊയോട്ട വാഹന റിപ്പയിംഗ് & സർവീസസ് | 10 |

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം 14/16-17/18.9.17) മറുപടി നൽകിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിർവ്വഹണത്തിൽ വീഴ്ച -പദ്ധതിച്ചെലവ് കുറഞ്ഞു-38.69ലക്ഷം രൂപ നഷ്ടപ്പെടുത്തി

ഓഡിറ്റ് വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ നിർവ്വഹിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. 116 പ്രൊജക്ടുകൾക്ക്

ആകെ വകയിരുത്തിയ തുകയുടെ 68.34% മാത്രമാണ് വിനിയോഗിക്കാൻ കഴിഞ്ഞത്. ഇതുമൂലം തൻവർഷം വിനിയോഗിക്കാൻ സമാഹരിച്ച/വിഭാവനം ചെയ്ത 1.17കോടി രൂപ വിനിയോഗിക്കാൻ കഴിയാതെവന്നു. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫണ്ടിനം | വകയിരുത്തിയത് | ബജറ്റ് വിഹിതം ലഭിച്ചത് | ചെലവ് | ബജറ്റ് വിഹിത്തിൽ നിന്നും വിനിയോഗിക്കാതെ ലാപ്സായ തുക | ചെലവ് ശതമാനം(ബജറ്റ് വിഹിതം അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 9019204 | 9019204 | 8753535 | 265669 | 97.05 |
| 2 | പ്ലാൻ ഫണ്ട് SCP | 688965 | 670000 | 505280 | 164720 | 75.44 |
| 3 | പ്ലാൻ ഫണ്ട് TSP | 0 | 0 | 0 | 0 | 0 |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5058612 | 5058612 | 4191301 | 867311 | 82.85 |
| 5 | ലോകബാങ്ക് ധനസഹായം | 2648822 | 2648822 | 1848822 | 800000 | 69.8 |
| 6 | കേന്ദ്ര ധനസഹായം | 1595000 | 1595000 | 1494780 | -- | 93.66 |
| 7 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 1095000 | 1095000 | 0 | -- | 0 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 2554755 | 2554755 | 2374755.00% | 180000.00% | 92.95 |
| 9 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 6008076 | 6008076 | 4416798 | 1591278 | 73.51 |
| 10 | തനത് ഫണ്ട് | 7543898 | 7543898 | 1683687 | -- | 22.32 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 575784 | 575784 | 0 | -- | 0 |
| 12 | ബ്ലോക്ക് വിഹിതം | 100000 | 100000 | 100000 | -- | 100 |
| 13 | മറ്റുള്ളവ | 229281 | 229281 | 0 | -- | 0 |
| ആകെ | | 37117417 | 37117417 | 25368958 | 3868978 | 68.34 |

വിനിയോഗിക്കാൻ കഴിയാതെ വന്ന 1.17കോടി രൂപയിൽ 38.69ലക്ഷംരൂപ , ക്രമനം 1 മുതൽ 5വരെ, 8 ,9 എന്നീ ഇനങ്ങളിൽ ,സ്ഥാപനത്തിന് ലഭ്യമായതാണ്. കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും ചെലവിനനുസരിച്ച് പിൻവലിക്കേണ്ട മേൽ തുക സാമ്പത്തികവർഷാവസാനം ലാപ്സായിരിക്കുകയാണ്.

അംഗീകാരം വാങ്ങിയ പ്രൊജക്ടുകൾ നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ നടത്തിയ വീഴ്ചയാണ് തുക നഷ്ടമാകാൻ കാരണമെന്ന് പദ്ധതിചെലവ് രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. താഴെ പറയുന്ന ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

| ക്രമ. നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്ടുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ചെലവഴിക്കാത്ത തുക (ലക്ഷത്തിൽ) | ചെലവ് % | കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നഷ്ടപ്പെടുത്തിയ തുക(വകയിരുത്തിയത് അടിസ്ഥാനപ്പെടുത്തി) |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | അസി.എഞ്ചിനീയർ | 72 | 48 | 232.51 | 146.4 | 86.11 | 63 | 36.97 |
| 2 | വി.ഇ.ഒ | 5 | 5 | 37.81 | 30.96 | 6.85 | 81.88 | 0 |
| 3 | സെക്രട്ടറി | 9 | 7 | 12.25 | 9.4 | 2.85 | 76.73 | 0 |
| 4 | കൃഷിഓഫീസർ | 10 | 10 | 14.7 | 12.4 | 2.3 | 84.35 | 0 |
| 5 | വെറ്റിനററി സർജൻ | 3 | 3 | 3.75 | 3.45 | 0.3 | 92 | 0 |
| 6 | മെഡിക്കൽ ഓഫീസർ പി എച്ച് സി | 1 | 1 | 3.5 | 3.47 | 0.03 | 99 | 0 |
| 7 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 2.5 | 2.5 | 0 | 100 | 0 |
| 8 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 3 | 3 | 0 | 100 | 0 |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 7 | 46.06 | 34.04 | 12.02 | 73.9 | 0.04 |
| 10 | അസി.സെക്രട്ടറി | 6 | 4 | 7.8 | 5.05 | 2.75 | 65 | 1.84 |
| 11 | ഹെഡ് മാസ്റ്റർ | 1 | 1 | 8 | 3 | 5 | 37.5 | 0 |
| ആകെ | | 116 | 88 | 371.17 | 253.68 | 117.49 | 68.34 | 38.85 |

72പ്രൊജക്ടുകൾ വിഭാവനം ചെയ്ത അസി.എഞ്ചിനീയറാണ് ഫണ്ട് നഷ്ടപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിരിക്കുന്നത്. ആകെ വകയിരുത്തിയ തുകയുടെ 63% പൊതുമരാമത്ത്, കുടിവെള്ളം(മറ്റ് മേഖലകളിലെ നിർമ്മാണ പ്രവൃത്തികൾക്കൊപ്പം) എന്നീ മേഖലകളിൽ ചെലവഴിക്കുന്നതിന് അസി.എഞ്ചിനീയറെയാണ് ചുമതലയേല്പിച്ചിരിക്കുന്നത് . ഇതിൽ48പ്രൊജക്ടുകൾക്ക് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്.തൻവർഷം കൺസോളിഡേറ്റഡ് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിച്ചതും ലാപ്സായതുമായ തുകയിൽ 36.97ലക്ഷം രൂപയും നടപ്പിലാക്കാൻ കഴിയാതെവന്ന പ്രൊജക്ടുകൾ ഉൾപ്പടെയുള്ളവയ്ക്ക് അസി.എഞ്ചിനീയർ വകയിരുത്തിയ തുകയാണെന്ന കാണാം.

മുൻവർഷത്തിലും തുക നഷ്ടപ്പെടുത്തി- നഷ്ടം 26.61 ലക്ഷം രൂപ

ഓഡിറ്റ് വർഷത്തിലെന്നപോലെ 2015-16 വർഷത്തിലും സ്ഥാപനം മേല്പറഞ്ഞതുപോലെ ഫണ്ട് നഷ്ടപ്പെടുത്തിയിട്ടുണ്ട്.മുൻബാക്കി ഉൾപ്പടെ തൻവർഷം ലഭ്യമായ തുകയിൽ വിനിയോഗിക്കാതെ ബാക്കിയായ 26.61 ലക്ഷം രൂപ ,സഞ്ചിതനിധിയിലായതിനാൽ ,സാമ്പത്തികവർഷാവസാനം ലാപ്സാകുകയായിരുന്നു.(117 പ്രൊജക്ടുകൾക്ക് ആകെ വകയിരുത്തിയ 3.27കോടി രൂപയുടെ 84.7% തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്).15-16 വർഷത്തിൽ ലഭ്യമായ തുക,ഇതിൽ നിന്നുള്ള ചെലവ്,നഷ്ടപ്പെട്ട തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | ബജറ്റ് അലോട്ട് മെന്റ് | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ്(ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട്(പൊതുവിഭാഗം) | 8069000 | 846204 | 8069000 | 8915204 | 8712340 | 97.7 | 202864 |
| വികസനഫണ്ട്(എസ് സി പി) | 598000 | 175402 | 598000 | 773402 | 342511 | 44.3 | 430891 |
| വികസനഫണ്ട്(ടി എസ് പി) | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 5456000 | 1105644 | 5456000 | 6561644 | 6221823 | 95 | 339821 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 2320000 | 839355 | 2320000 | 3159355 | 1515474 | 48 | 1643881 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2838219 | 461883 | 2838219 | 3300102 | 3256522 | 98.7 | 43580 |
| ലോക ബാങ്ക് ധനസഹായം | 0 | 2320100 | 0 | 2320100 | 2320100 | 100 | 0 |
| ആകെ നഷ്ടം | | | | | | | 2661037 |

വികസനഫണ്ട്(പൊതുവിഭാഗം),13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്,ലോക ബാങ്ക് ധനസഹായം,സംരക്ഷണഗ്രാന്റ് (റോഡ്)എന്നീ ഇനങ്ങളിൽ മോശമല്ലാത്ത പ്രകടനം കാഴ്ചവച്ചു. എന്നാൽ മറ്റ് ഫണ്ടിനങ്ങളിൽ ചെലവ് വളരെ കുറഞ്ഞത് നഷ്ടത്തിനിടയാക്കി

അംഗീകാരം വാങ്ങിയ പദ്ധതികൾക്ക് സമയബന്ധിതമായി തുക വിനിയോഗിക്കാത്തതുവഴി ഇരുവർഷങ്ങളിലുമായി ,വിവിധ ഗ്രാന്റിനങ്ങളിലായി 65.3 ലക്ഷം രൂപ പഞ്ചായത്തു ഫണ്ടിന് നഷ്ടം വരുത്തിയതിന് വിശദീകരണം നല്കേണ്ടതാണ്.

## 3-2 അങ്കണവാടികളിലെ പോഷകാഹാര വിതരണം- കേന്ദ്രഫണ്ട് ലഭ്യമാകുന്നതിൽ കുറവ്- വികസനഫണ്ട് വകമാറ്റപ്പെടുന്നു

അംഗൻവാടികളിലെ പോഷകാഹാര വിതരണത്തിനായി കഴിഞ്ഞ 5 വർഷങ്ങളായി ചെലവഴിക്കുന്ന തുകയുടെ 80.18ശതമാനവും വിനിയോഗിച്ചിരിക്കുന്നത് സ്ഥാപനത്തിന് ലഭ്യമായ വികസനഫണ്ടിൽ നിന്നാണെന്ന് കണക്കുകൾ കാണിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലായി പോഷകാഹാരവിതരണത്തിനായി വിനിയോഗിച്ച തുകയുടെയും കേന്ദ്ര വിഹിതമായി ലഭിച്ച തുകയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | പോഷകാഹാര വിതരണത്തിനായി ആകെ വിനിയോഗിച്ചതുക | കേന്ദ്രവിഹിതമായി ലഭിച്ച തുക | കേന്ദ്രവിഹിതത്തിൽ നിന്നും വിനിയോഗിച്ച തുക | വികസനഫണ്ടിൽ നിന്നും വിനിയോഗിച്ച തുക | മറ്റ് ഫണ്ടുകൾ | വികസനഫണ്ടിൽ നിന്നും വിനിയോഗിച്ച തുകയുടെ ശതമാനം |
|---|---|---|---|---|---|---|
| 2012-13 | 1540514 | 284536 | 222000 | 1092222 | 226292 | 70.89 |
| 2013-14 | 1425550 | 266756 | 225550 | 1200000 | | 84.17 |
| 2014-15 | 1470118 | 138724 | 273649 | 1196469 | | 81.38 |
| 2015-16 | 1606878 | 206138 | 107000 | 1499878 | | 93.34 |
| 2016-17 | 1800000 | 688357 | 500000 | 1300000 | | 72.22 |
| ആകെ | 7843060 | 1584511 | 1328199 | 6288596 | 226292 | 80.18 |

പോഷകാഹാര പരിപാടിയുടെ ആകെ ചെലവിന്റെ 50% കേന്ദ്ര ധനസഹായമായി ലഭിക്കേണ്ടതാണ്.എന്നാൽ കഴിഞ്ഞ 5 വർഷങ്ങളായി ആകെ ചെലവഴിച്ച തുകയുടെ 20.20% തുക മാത്രമാണ് മേൽ ഇനത്തിൽ ലഭിച്ചിരിക്കുന്നത്. ഇതുമൂലം ആകെ ചെലവ് തുകയുടെ 50% മായ 39.21ലക്ഷം രൂപ പരമാവധി പ്ലാൻ ഫണ്ടിൽ നിന്നും വിനയോഗിക്കേണ്ടിടത്ത്,62.88 ലക്ഷം രൂപ വിനിയോഗിക്കേണ്ടി വന്നു.മറ്റ് മേഖലകളിൽ വികസനപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കേണ്ട23.78 ലക്ഷം രൂപ ഇതുമൂലം വകമാറ്റപ്പെട്ടു.

പോഷകാഹാര പരിപാടിയ്ക്ക് ചെലവായ തുകയക്ക് ആനുപാതികമായ തുക കേന്ദ്രധനസഹായമായി ലഭിക്കുന്നതിന്

ശ്രമിക്കാത്തത് വീഴ്ചയാണ്.അപാകതയ്ക്ക് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## 3-3 പുഴ പുറമ്പോക്ക് സംബന്ധിച്ച രേഖകൾ സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് (1994) സെക്ഷൻ 218 പ്രകാരം , ടി സെക്ഷനിൽ പ്രതിപാദിച്ചിരിക്കുന്ന മറ്റ് കാര്യങ്ങൾക്കൊപ്പംഈ ആക്ട് പ്രാബല്യത്തിൽ വരുന്ന തീയതിമുതൽ എല്ലാ ജലമാർഗ്ഗങ്ങളും (പഞ്ചായത്ത് പ്രദേശത്തും മറ്റ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദിളുടെ തീരങ്ങളും തടങ്ങളും ചെറുപുഴളും ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകകളും ,തോടുകളും ,തടാകങ്ങളും കായലുകളും ജലമാർഗ്ഗങ്ങളും കെട്ടിനില്ക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും നീരുറവകളും ജലസംഭരണികളും കുളങ്ങളും നീർത്തടങ്ങളും ജലധാരകളും കിണറുകളും കാപ്പുകളും ചാലുകകളും ,സ്റ്റാൻഡ് പൈപ്പുകളും മറ്റ് ജലസംഭരണികളും അവയോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.മേൽ സെക്ഷന്റെ ഉപ സെക്ഷൻ 2 പ്രകാരം ഇപ്രകാരം നിക്ഷിപ്തമായ മേല്പറഞ്ഞ കാര്യങ്ങളുമായി ബന്ധപ്പെട്ട സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാധ്യതകളും ഒന്നാം ഉപവകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിരക്കുന്നതും അപ്രകാരം നിക്ഷിപ്തമാകുന്ന തീയതിമുതൽക്ക് അവ ഗ്രാമപഞ്ചായത്തിന്റെ അവകാശങ്ങളും ബാധ്യതകളുമായി തീരുന്നതുമാണ്.മയ്യഴിപ്പുഴ കടന്നുപോകുന്ന ഗ്രാമപഞ്ചായത്തിൽ മേൽ വകുപ്പുപ്രകാരം നിക്ഷിപ്തമായ നദികളും വെള്ളക്കെട്ടുകളും തീരങ്ങളുമുണ്ടെന്നിരിക്കെ ,ഇവ സംബന്ധിച്ച യാതൊരു രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.മേൽ സെക്ഷന്റെ ഉപവകുപ്പ് (4) പ്രകാരം ഇതിലേക്കായി ഗ്രാമ പഞ്ചായത്ത് നല്കിയിട്ടുള്ള ഒരു പെർമിറ്റ് പ്രകാരവും അതിലെ നിർദ്ദേശങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും അല്ലാതെ സ്വയം ഏതെങ്കിലും വസ്തുക്കളോ സ്ഥലമോ നീക്കം ചെയ്യുകയോ തനിക്കായി കൈവശപ്പെടുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ് .മേൽ വകുപ്പ് പ്രകാരംഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ഭൂമി പഞ്ചായത്തിന്റെ വീഴ്ച മൂലം അന്യാധീനപ്പെടാൻ സാധ്യതയുള്ളതിനാൽ ഉപവകുപ്പ് (4) പ്രകാരമുള്ള നിയമലംഘനം നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ് .പുഴപുറമ്പോക്ക് സംരക്ഷണത്തിന്റെ കാര്യത്തിൽ വീഴ്ച വരുത്തിയതിന് വിശദീകരണം നല്കേണ്ടതും, പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് എത്രയുണ്ടെന്ന് റവന്യൂ/സർവ്വേ വകുപ്പിന്റെ സഹായത്തോടെ കണ്ടെത്തി കയ്യേറ്റങ്ങളുണ്ടെങ്കിൽ ഒഴിപ്പിച്ച് ,സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-4 പ്രവൃത്തികൾ ഇ ടെണ്ടർ നടത്തിയത്- ടെണ്ടർ ഫോറം വില നാളിതുവരെ ലഭ്യമായില്ല

നിർവ്വഹണം: അസി.എഞ്ചിനീയർ

2015-16 വർഷത്തിൽ 31,46,47,51 എന്നീ പ്രൊജക്ടുകളും കണ്ണങ്കൈ GLP സ്കൂൾ പ്രവൃത്തിയും ഇ-ടെണ്ടർ ചെയ്തതാണ്. ഇ-ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഫോറം വില LSGD എക്സി.എഞ്ചിനീയറുടെ പേരിലുള്ള ,മേൽ കാര്യത്തിനായി പ്രത്യേകം ഓപ്പൺ ചെയ്ത ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെടുന്നത്. ഇപ്രകാരം നിക്ഷേപിക്കപ്പെടുന്ന തുക ,ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെടുന്നതനുസരിച്ച് മേൽ അക്കൗണ്ടിൽ നിന്നും ലഭ്യമാകുന്നതാണ് .മേൽടെണ്ടറുകളുടെ കാര്യത്തിൽ നാളിതുവരെ തുക ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും തുക അടിയന്തിരമായി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 3-5 ആശ്രയ ഭവന പദ്ധതി ചെലവ് രേഖകൾ ഹജരാക്കിയില്ല- 1100000 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ - S0045//17
പേര് - ആശ്രയ ഭവന പദ്ധതി

നിർവ്വഹണദ്യോഗസ്ഥൻ - വി ഇ ഒ

അടങ്കൽ വികസന ഫണ്ട് പൊതു വിഭാഗം - 1100000

തനത് ഫണ്ട് - 400000

ചെലവ് - 1100000

ബിൽ നമ്പർ - 716-17 dt 11/3/17 525000

10/16-17 dt 17/3/17 150000

11//16-17 dt 30/3/17 75000

14/16-17 dt 30/3/17 100000

15/16-17 dt 31/3/17 150000

16//16-17 dt 31/3/17 100000

മേൽ പ്രോജക്ടിൽആശ്രയ ഭവന പദ്ധതി എന്ന പദ്ധയിയിലുൾപ്പെടുത്തി 6 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് 2016-17 വർഷം 1100000 രൂപ ചെലവഴിച്ചിട്ടുണ്ട് .എന്നാൽ തുക മാറിയതിന്റെ മേൽ കാണിച്ചിട്ടുള്ള ബില്ലുകൾ, ഗുണഭോ ക്താക്കളുടെ ഭവനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയതിന്റെ സ്റ്റേജ് റിപ്പോർട്ട് , ഗുണഭോക്താക്കൾതുക കൈപ്പറ്റിയതിന്റെ ബാങ്ക്സ്റ്റേറ്റ്മെന്റ്/കൈപ്പറ്റ് രശീതി , മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരം 750000 രൂപ വിവിധ ഗുണഭോക്താക്കൾക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ 350000 രൂപ ഗുണഭോക്താക്കൾ കൈപ്പറ്റിയതായി കാണിച്ചിട്ടില്ല. ചെലവുമായി ബന്ധപ്പെട്ട മുഴുവൻ .രേഖകളും പരിശോധനക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-6 വ്യക്തിഗത ഗാർഹീക കക്കൂസ് നിർമ്മമാണം രേഖകൾ ഹാജരാക്കിയിട്ടില്ല-1586200 രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ - SO001//17
പേര് - വ്യക്തിഗത ഗാർഹീക കക്കൂസ് നിർമ്മമാണം

അടങ്കൽ - വികസന ഫണ്ട് പൊതു വിഭാഗം 1586200

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ചെലവ് - 1586200 രൂപ

ബിൽ നമ്പർ - 1/16-17 dt 29/8/17 450000

2/16-17 dt 23/9/16 322500

3/16-17 dt 31/10/16 632000

4/16-17 dt 30/1/17 181700

മേൽ പ്രോജക്ടിൽവ്യക്തിഗത ഗാർഹീക കക്കൂസ് നിർമ്മമാണം എന്ന പദ്ധയിയിലുൾപ്പെടുത്തി 103 ഗുണഭോക്താക്കൾക്ക് 15400 രൂപ വെച്ച് കക്കൂസ് നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.എന്നാൽ മേൽ കാണിച്ചതിൽ ബിൽ നമ്പർ 1,2 എന്നിവ പ്രകാരം ആനുകപല്യം നൽകിയ ഗുണഭോക്താക്കൾക്ക തുക നൽകിയതിന്റെ ബാങ്ക് സ്റ്റേറ്റ് മെന്റ് ഹാജരാക്കിയിട്ടില്ല. ബിൽ നമ്പർ 2പ്രകാരം 322500 രൂപ മാറിയിട്ടുണ്ടെങ്കിലും 7500 രൂപ വെച്ച് 40 പേർക്ക്300000രൂപ ന്ൽകുന്നതിന്റെ ലിസ്റ്റ് മാത്രമേ ബില്ലിനൊപ്പം ഹാജരാക്കിയിട്ടുള്ളു . ബിൽ നമ്പർ 4 , അത് പ്രകാരം മാറിയ തുക ബാങ്ക് അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 PMAY -ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ രേഖകൾ ഹാജരാക്കിയിട്ടില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നമ്പർ - S050/16-17

നിർവ്വഹണഉദ്യോഗസ്ഥൻ - വി ഇ ഒ

അടങ്കൽ വികസന ഫണ്ട് പൊതു വിഭാഗം - 40000

ബിൽ നമ്പർ - 5/16-17 തീയതി 30/1/17 40000

PMAY ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ എന്നപ്രോജക്ടിൽ ഉൾപ്പെടുത്തി 40000രൂപ മാറിയിട്ടുണ്ടെങ്കിലും ആയതിന്റെ ബിൽ , ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് തുക നൽകിയതിന് സെക്രട്ടറിയിൽ നിന്നുള്ള കൈപ്പറ്റ് രശീതി, തുക വിനിയോഗിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഇവ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-8 കിണർ നിർമ്മാണം ചെലവ് രേഖകൾ ഹാജരാക്കിയില്ല 170000 രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോസ്ഥൻ - വി ഇ ഒ

പ്രൊജക്റ്റ് നമ്പർ ,പേര് - SO54/16-17 വ്യക്തിത കിണർ നിർമ്മാണം

അടങ്കൽ വികസന ഫണ്ട് പൊതു വിഭാഗം - 130000

തനത് ഫണ്ട് - 125000

ചെലവ് - 170000( വികസന ഫണ്ട് -130000, തനത് ഫണ്ട് -40000)

ബിൽ നമ്പർ - 6/16-17 dt 17/3/17 17000

8/16-17 dt 17/3/17 34000

9/16-17 dt 17/3/17 17000

12/16-17 dt 30/3/17 34000

13/16-17 dt 31/3/17 17000

17/6-17 dt 31/3/17 11000

മേൽ പ്രോജക്ടിൽവ്യക്തിത കിണർ നിർമ്മാണം പദ്ധതിയിൽ 10ഗുണഭോക്താക്കൾക്ക് കിണർ നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട് 12ാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി ഒ (എം എസ് ) 4/2016 ത സ്വ ഭ വ തീയതി 11-1-2016 പ്രകാരം വരുമാന പരിധി 50000രൂപയുള്ളവരായിരിക്കണം ഗുണഭോക്താക്കൾ .ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം.,ഗുണഭോക്താക്കൾ മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിച്ചവരായിരിക്കരുത് .എൽ എസ് ജി ഡി എഞ്ചിനീയർ അളവെടുക്കണംഎന്നിങ്ങനെ വ്യവസ്ഥ ചെയ്തിട്ടുണ്ട് .എന്നാൽ ആനുകല്യം ലഭിച്ച ഗുണഭോക്താക്കളൊന്നും തന്നെ മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കൾക്ക് നൽകാനായി തുക മാറിയതിന്റെ മേൽ കാണിച്ച ബില്ലുകൾ , തനത് ഫണ്ടിൽ നിന്നും തുക നൽകിയതിന്റെ ട്രഷറിചെക്ക്, തുക ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ / തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല .ചെലവുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധനക്ക് ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 ഐ.കെ.എം ന് വിഹിതം കൈമാറൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 4/16-17 |
| അടങ്കൽ | 60113/- |
| ഫണ്ട് | വികസനം |
| ചെലവ് | 60113/- |
| ബിൽനം, തി. | 356/16-17 / 29.10.16 |

മേൽ പദ്ധതിക്ക് ഐ.കെ.എം ന് കൈമാറിയ തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. യു.സി.ഹാജരാക്കേണ്ടതാണ്.ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-10 എസ്.എസ്.എ.പദ്ധതി-വിനിയോഗസാക്ഷ്യപത്രം,മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഹാജരാക്കിയില്ല

ഓഡിറ്റ് വർഷംഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ എസ്.എസ്.എ.ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി തുക അനുവദിച്ചിട്ടുണ്ട്.

പദ്ധതിചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം | 48/16-17 |
| അടങ്കൽ | 800000/- |
| ഫണ്ട് | വികസനം(ജനറൽ) |
| ചെലവ് | 300000/- |
| ബിൽനം/തി. | 2/16-17/06.03.17 |

എസ്.എസ്.എ.പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പാക്കിയെന്നത് സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ടും,നിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 300000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-11 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - നിർവ്വഹണത്തിലെ വീഴ്ചകൾ

| | |
|---|---|
| നിർവ്വഹണം | മെഡി.ഓഫീസർ പി.എച്ച്.സി. |
| പ്രോജക്ട് നം | 21/16-17 |
| അടങ്കൽ | 350000 |
| ഫണ്ട് | വികസനം |
| ചെലവ് | 347140/- |
| ബിൽനം, തി. | 7/16-17 / 30.03.17 |

ഗ്രാമപഞ്ചായത്തിലെ കിടപ്പ് രോഗികൾക്ക് സാന്ത്വന പരിചരണം നൽകുന്ന പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടവീഴ്ചകൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടുകൊണ്ട് പോകുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർപേഴ്സണും മെഡിക്കൽ ഓഫീസർ കൺവീനറുമായി ഒരു കമ്മിറ്റി 25.02.2016ന് രൂപീകരിച്ചിട്ടുണ്ട്.എല്ലാ മാസവും5ാം തിയ്യതിക്കുമുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്.സ.ഉ (സാധാ)3217/2015/തസ്വഭവ/തി.29.10.2015കാണുക).എന്നാൽ കമ്മിറ്റി നാളിതുവരെ യോഗം ചേർന്നിട്ടില്ല.

2. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നതിൽ വീഴ്ച

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി രൂപീകരിച്ച ഈകമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ,ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന്ത ങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും,പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.എന്നാൽ ഓഡിറ്റ് വർഷത്തിൽ 3 തവണ മാത്രമേ പ്രസ്തുത കമ്മിറ്റി യോഗം ചേർന്നിട്ടുള്ളൂ.

3.ഓർഡർ ചെയ്ത മരുന്ന് ലഭിച്ചിട്ടില്ല

സ.ഉ.(സാധാ) 3217/2015/തസ്വഭവ / തി.29.10.2015 ഖ.2.6.7 പ്രകാരം രോഗികൾക്ക് ആവശ്യമായ മരുന്നുകൾ അലോപ്പതി ആശുപത്രികൾ മുഖേന ലഭ്യമാക്കേണ്ടതാണ്.ഈ മരുന്നുകൾ തികയാതെ വരുന്ന സാഹചര്യത്തിൽ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ ഉൾപ്പെടുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നോ,കാരുണ്യ ഫാർമസിയിൽ നിന്നോ വാങ്ങി നൽകാവുന്നതാണ്. രോഗികൾക്ക് മരുന്നും മറ്റ് ഉപകരണങ്ങളും വാങ്ങിനൽകുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലേക്ക് 90000/- നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നും, ഉപകരണങ്ങളും ലഭിച്ചിട്ടില്ല.

4) പാലിയേറ്റീവ് പരിചരണം ലഭിക്കുന്ന രോഗികളുടെ പേര് വിവരം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ് എന്നാൽ ആയത് പ്രസിദ്ധീകരിച്ചിട്ടില്ല.

വീഴ്ചകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയഓഡിറ്റ് എൻക്വയറിക്ക്(നം. 15/16-17/18.09.17) മറുപടി നൽകിയിട്ടില്ല.സാന്ത്വന പരിചരണ പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 നെൽകൃഷി വികസനപദ്ധതി നിർവ്വഹണത്തിൽ വീഴ്ച

നിർവഹണം - കൃഷി ഓഫീസർ

പ്രോജക്ട് നം - 28/16-17

അടങ്കൽ - 60000/-

ഫണ്ട് - വികസന ഫണ്ട് ജനറൽ

ചെലവ് - 60000/-

ബിൽനം.തി.തുക - 9/16-17 / 29.03.2017

ഗ്രാമപഞ്ചായത്തിലെ നെൽകൃഷി കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത് പദ്ധതി നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഗുണഭോക്താക്കൾ വിള ഇൻഷ്വറൻസ് അടച്ചില്ല.സ.ഉ.(എം.എസ്) 4/2016 തസ്വഭവ/ തി. 11.01.2016 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ അനുബന്ധം 15-3.1.5 ൽ വിള ഇൻഷ്വറൻസ് തുക കർഷകർ മുൻകൂറായി അടയ്ക്കണമെന്ന് നർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഇതുമായി ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2). നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല.

3) ഈ പദ്ധതി സംയുക്ത പദ്ധതിയായിനടത്തിയിരുന്നെങ്കിൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിക്കുമായിരുന്ന 50% ധനസഹായം പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-13 പത്ര പരസ്യം നൽകൽ -സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദനീയമായ ഡിസ്കൗണ്ട് ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിൽ പദ്ധതി നിർവ്വഹണാവശ്യാർത്ഥം നൽകിയ പരസ്യങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഡിസ്കൗണ്ട് നേടിയെടുത്തില്ല.ജി ഒ (ആർടി) 1/2011 പി&ആർഡി04.01.2011 ഉത്തർവ് പ്രകാരം പരസ്യങ്ങൾ പി&എ ആർസി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15%ഡിസ്കൗണ്ട് അനുവദിക്കണം.എന്നാൽ താഴെ പറയുന്ന പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിച്ചതായി കാണുന്നില്ല.

| പത്രം | ബിൽ നമ്പർ,തീയതി | പ്രസിദ്ധീകരിച്ച തീയതി | അളവ് | നിരക്ക് | ബിൽതുക | റിമാർക്സ് |
|---|---|---|---|---|---|---|
| ചന്ദ്രിക ദിനപത്രം | 2529 dt 10/3/2017 | 10/3/17 | 8x 8 | 75 | 4800 | ഡിസ്കൗണ്ട് നൽകിയിട്ടില്ല |
| വീക്ഷണം ദിനപത്രം | 24522 dt 17/3/17 | 16/3/17 | 5x8 | 65 | 2600 | ഡിസ്കൗണ്ട് നൽകിയിട്ടില്ല |
| വീക്ഷണം ദിനപത്രം | 22915 dt 12/01/17 | 10/1/17 | 6x8 | 65 | 3120 | ഡിസ്കൗണ്ട് നൽകിയിട്ടില്ല |
| വീക്ഷണം ദിനപത്രം | 22904 dt 12/01/17 | 1/01/17 | 9x8 | 65 | 4680 | ഡിസ്കൗണ്ട് നൽകിയിട്ടില്ല |

മേൽ പറഞ്ഞ പത്ര പരസ്യങ്ങൾക്ക് അനുവദനീയമായ ഡിസ്കൗണ്ട് നേടിയെടുക്കാത്തതിന്ന് വിശദീകരണം നൽകാൻ വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. .സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യം നേടിയെടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്

## 3-14 സംസ്കരണ സ്ഥലത്തേക്ക് മാലിന്യങ്ങൾ കൊണ്ട്പോകൽ പദ്ധതി - സർക്കാർഉത്തരവിന് വിരുദ്ധം.

നിർവഹണം - വി.ഇ.ഒ

പ്രൊജക്ട് നം - 64/16-17

അടങ്കൽ - 400000/-

ഫണ്ട് വികസനം,തനത്

ചെലവ് - 200000/-

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത്നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരണ കേന്ദ്രങ്ങളിലേക്ക് കയറ്റി അയയ്ക്കുന്നതിന് വിഭാവനം ചെയ്ത പദ്ധതിയാണിത്. സ.ഉ.(എം.എസ്)4/2016/തസ്വഭവ.തി.11.01.2016 പ്രകാരമുള്ള പദ്ധതി മർഗ്ഗരേഖ ഭാഗം 4/11.12/iv ൽ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന ഇനങ്ങൾക്ക് മാത്രമേ പ്രോജക്ടുകൾ ഏറ്റെടുക്കാവൂ

എ).പൊതു മാലിന്യ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം വാങ്ങൽ

ബി).പൊതു മാലിന്യ പരിപാലന പ്ലാന്റുകൾ സ്ഥാപിയ്ക്കൽ

സി). മാലിന്യങ്ങൾ കൊണ്ട് പോകുന്നതിന് പ്രത്യേക രൂപകല്പന ചെയ്ത വാഹനങ്ങൽ വാങ്ങിക്കൽ

എന്നാൽ മേൽ നിർദ്ദേശം മറികടന്ന് അജൈവ മാലിന്യങ്ങൾ കയറ്റിയയ്ക്കുന്നതിന് പദ്ധതി നടപ്പാക്കിയത് ശരിയായ നടപടിയല്ല. മാത്രമല്ല മേൽ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ (ട്രഷറി ബിൽ , എഗ്രിമെന്റ് , കൈപ്പറ്റ് രശീതി മറ്റ് അനുബന്ധരേഖകൾ ) എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ :21 /16-17/18.09.17) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 200000/- തടസ്സപ്പെടുത്തുന്നു.

## 3-15 സ്ട്രീറ്റ് ലൈറ്റ് - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

ഓഡിറ്റ് വർഷം സ്ട്രീറ്റ് ലൈറ്റ് ഇനത്തിൽ പ്രതിമാസം 16563- രൂപ വീതം ആകെ 201265രൂപ കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്.എന്നാൽ ഗ്രാമ പഞ്ചായത്തിൽ എത്ര സ്ട്രീറ്റ് ലൈറ്റുകളുണ്ടെന്നതിന് വ്യക്തമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.തെരുവ് വിളക്ക് രജിസ്റ്ററിൽ ലൈറ്റുകളുടെ എണ്ണം, ഇനം എന്നീ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.തെരുവ് വിളക്കുകളുടെ കാര്യത്തിൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്8/16-17 ന് മറുപടി നൽകിയിട്ടില്ല.ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-16 പദ്ധതിരൂപീകരണം മോണിറ്ററിംഗ് - അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം | 03/16-17 |
| അടങ്കൽ | 100000 |
| ഫണ്ട് | വികസനം |
| ചെലവ് | 65950/- |
| ബിൽനം/തി. | 827/31.03.17 |

ഓഡിറ്റ് വർഷത്തെ ജനകീയാസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതിരൂപീകരണം,മോണിറ്ററിംഗ് എന്നിവയ്ക്കായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് വികസന സെമിനാർ,ടെണ്ടർ പരസ്യം നൽകൽ,ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അപേക്ഷാഫോറം അച്ചടി എന്നീ കാര്യങ്ങൾക്കാണ് പ്രധാനമായും തുക ചെലവഴിച്ചിരിക്കുന്നത്.എന്നാൽ വാർഷിക പദ്ധതി വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് നടത്തുന്നതിന് തുകയൊന്നും ചെലവഴിച്ചിട്ടില്ല.സ.ഉ.(എം.എസ്)നം 4/2016.തസ്വഭവ. തി.11.01.2016 പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖ ഭാഗം 6 ഖ.20 ൽ ഗ്രാമപഞ്ചായത്തുകൾക്ക് മോണിറ്ററിംഗിനായി പരമാവധി ഒരു ലക്ഷം രൂപ വരെ ചെലവാക്കാവുന്നതാണ്.പദ്ധതി മാർഗ്ഗരേഖ ഖ.22 ൽ പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും,അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണെന്നുംപരാമർശിക്കുന്നുണ്ട്.മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും,ഭരണസമിതിക്കും നൽകേണ്ടതാണ്.എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.വിശദമായ മോണിറ്ററിംഗ് റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-17 പുതിയ റോഡുകളുടെ നിർമ്മാണം- മൺപണികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നില്ല

നിർവഹണം - അസി.എഞ്ചിനിയർ

പ്രോജക്ട് നം - 78/16-17

അടങ്കൽ - 200000/-

ഫണ്ട് തനത്

ചെലവ് - 200000/-

ചെക്ക്നം.തി. - 3188044/3.5.2017

കരാറുകാരൻ - വിരോഷ്.കെ.ടി.കെ.

സ.ഉ.(എം.എസ്)നം.4/2016തസ്വഭവ തി.11.01.2016 പദ്ധതി മാർഗ്ഗരേഖ ഖ.11-5 (2) പ്രകാരം മൺപണി ഉൾപ്പെടുന്ന റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അതിനുവേണ്ട മൺപണി തൊഴിലുറപ്പ് പദ്ധതി മുഖേന ചെയ്യുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ മേൽ സൂചിപ്പിച്ച പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മൺപണികൾ കരാറുകാരൻ യന്ത്രമുപയോഗിച്ച് ചെയ്തതായി കാണുന്നു.പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തി നിർവ്വഹണം നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-18 അങ്കണവാടികളിൽ നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചില്ല

സ.ഉ.(എം.എസ്) നം.4/2016 ത.സ്വ.ഭ.വ.തി.11.01.2016 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.11-9(3) ൽ അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണംഎന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനായി അങ്കണവാടി വെൽഫയർ കമ്മിറ്റികൾക്കുപുറമേ ഗ്രാമസഭാ അംഗങ്ങളിൽനിന്ന് പൊതുസമ്മതരായ 5 പേരടങ്ങുന്ന ഒരു അങ്കണവാടി നിരീക്ഷണ കമ്മിറ്റി രീപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ടും ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ ഇത്തരത്തിലുള്ള നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.മാത്രമല്ല അങ്കണവാടി സ്ഥിതി ചെയ്യുന്ന പ്രദേശമുൾപ്പെടുന്ന അയൽസഭയുടെ നിർവ്വാഹക സമ്മിതി അങ്കണവാടിയിലെ പോഷകാഹാര വിതരണം കൂടെകൂടെയുള്ള പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ചുള്ള രേഖകളൊന്നും തന്നെ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.17/16-17 / 18.9.17) മറുപടി നൽകിയിട്ടില്ല.നിരീക്ഷണ കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19 തുടർ സാക്ഷരതാ മേഖലയിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയില്ല.

ഓഡിറ്റ് വർഷം തുടർസാക്ഷരതയുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.സ.ഉ. (എം.എസ് )നം 4/2016/തസ്വഭവ.തി.11.01.2016 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഭാഗം 4 – ഖ.11-6 ൽ കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൻകീഴിൽ സാക്ഷരത / തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ ഭാഗമായി സാക്ഷരതാ കേന്ദ്രങ്ങളിൽ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. കൂടാതെ വിവിധ ക്ലാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് സാക്ഷരതാ മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും ഇവർ സാക്ഷരതാ മിഷന് അടയ്ക്കേണ്ട ഫീസും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ ഇത്തരം പ്രവർത്തനങ്ങളൊന്നും ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല.ഗ്രാമ പഞ്ചായത്തിൽ ഓഡിറ്റ് വർഷം സാക്ഷരതാ പ്രേരക് ഇല്ല. സാക്ഷരതാ പ്രേരകിനെ നിയമിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർസാക്ഷരതയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ പദ്ധതിയൊന്നുംതന്നെ ആവിഷ്കരിച്ച് നടപ്പാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-20 ഹോമിയോ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

| | |
|---|---|
| നിർവ്വഹണം | മെഡി.ഓഫീസർ.(ഹോമിയോ) |
| പ്രോജക്ട് നം | 41/16-17 |
| അടങ്കൽ | 250000/- |

| | |
|---|---|
| ഫണ്ട് | എം.ജി (നോൺ റോഡ്) |
| ചെലവ് | 250000/- |
| ബിൽനം, തി. | 01/16-17 / 22.12.16 |

ഗ്രാമപഞ്ചായത്തിലെ ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്കും,എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയിലേക്കും മരുന്ന് വാങ്ങുന്നതിന് നടപ്പാക്കിയ പദ്ധതിയാണിത്.ഹോംകോയ്ക്ക് മേൽ തുക അഡ്വാൻസായി നൽകിയിട്ടുണ്ട്.എന്നാൽ ഓഡിറ്റ് തിയ്യതി വരെ 167850/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 82150/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-21 തൊഴിൽരഹിത വേതനം - അപാകതകൾ

തൊഴിൽ രഹിത വേതനരജിസ്റ്ററിലെ ക്രമ നമ്പർ505/15 ശ്രീ. രമേശൻ, മീത്തലെ പുതിയോട്ടിൽ, (ജനന തീയതി-2/4/1980) എന്നയാൾക്ക് 3/2015 വരെയാണ് വേതനത്തിന് അർഹത. 07/2011 മുതൽ വേതനം പഞ്ചായത്തിൽ നിന്നും പാസ്സാക്കിയിട്ടുണ്ട്. എന്നാൽ ടിയാൻ ആദ്യമായി വേതനം കൈപ്പറ്റിയിരിക്കുന്നത് 17/03/2017 ൽ ആണ് (07/11 മുതൽ 01/2012 വരെയുള്ളത് 840/- രൂപ). 07/2011 മുതൽ അനുവദിച്ച വേതനം അഞ്ച് വർഷത്തിൽ കൂടുതൽ കൈപ്പറ്റാതിരുന്ന ആൾക്ക് വേതനം അനുവദിച്ചു.

തുടർച്ചയായി രണ്ടുതവണയിൽ കൂടുതൽ വേതനം കൈപ്പറ്റാതിരുന്നവർക്ക് പിന്നീട് തുക നൽകേണ്ടതില്ല എന്നിരിക്കെ 5 വർഷം കഴിഞ്ഞ് തുക അനുവദിച്ചത് അംഗീകരിക്കാനാവില്ല. 840/-രൂപ ഉത്തരവാദിയായവരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം12/16-17/18.9.17) മറുപടി നൽകിയിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 10000 | പാലിന് സബ്സിഡി | 10000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഗുണഭോക്തൃ സമിതികൾക്ക് നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | സാമ്പത്തിക വർഷം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| സമ്പൂർണ ഭവനപദ്ധതി | 479/2010 /11.02.2010 | 2009-10 | 1555000 | 430000 | | 1125000 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വിറ്റി ഷെയർ | 10000 |
| ആകെ | 10000 |

## 4-6. ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3(1) | 86308 | അസിസ്റ്റന്റ് എഞ്ചിനിയർ | 11601103992/1-3-17 |
| 2015-16 | 4 | 100 | ചന്ദ്രൻ നിടിയാണ്ടിയിൽ | 115601102932/7-1-17 |
| 2015-16 | 4 | 100 | ശശി ചൈത്രാലയം | 11561102933/7-1-18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1988-99 | 22,23 | 2003-04 | പൊതുപരാമർശം 3-7(11) | കാലഹരണപ്പെട്ട നികുതികൾ |
| 2000-01 | 23,24 | 2003-04 | പൊതുപരാമർശം 3-7(22) | കാലഹരണപ്പെട്ട നികുതികൾ |
| 2001-02 | 2-1 | 2005-06 | പൊതുപരാമർശം 2-2(6) | ക്യാഷ് ബുക്ക് ,വരവ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | : | 43408423.25 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 37218750 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2148 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 840 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3799728 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 2148 | | സതീഷ് ബാബു.പി.കെ,.സെക്രട്ടറി |
| 3-21 | | 840 | സതീഷ് ബാബു.പി.കെ,.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1100000 | നിസാദ്.വി.എം, വി.ഇ.ഒ |
| 3-6 | 1586200 | നിസാദ്.വി.എം, വി.ഇ.ഒ |
| 3-7 | 40000 | നിസാദ്.വി.എം, വി.ഇ.ഒ |
| 3-8 | 170000 | നിസാദ്.വി.എം, വി.ഇ.ഒ |
| 3-9 | 60113 | സതീഷ് ബാബു.പി.കെ,.സെക്രട്ടറി |
| 3-10 | 300000 | സി.ഭാസ്കരൻ, ഹഡ് മാസ്റ്റർ |
| 3-12 | 60000 | ഇബ്രായി.കെ., കൃഷി ഓഫീസർ |
| 3-14 | 200000 | നിസാദ്.വി.എം, വി.ഇ.ഒ |
| 3-15 | 201265 | സതീഷ് ബാബു.പി.കെ,.സെക്രട്ടറി |
| 3-20 | 82150 | ഡോ.സൗമ്യാവതി.എൻ.കെ, ഹോമിയോ ഡോക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സതീഷ് ബാബു.പി.കെ,.സെക്രട്ടറി | സെക്രട്ടറി, ന്യൂ മാഹി ഗ്രാമപഞ്ചായത്ത് | സ്നേഹതീരം, നെടുമ്പ്രം,.പി.ഒ, ചൊക്ളി, 670672 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | എൽ.എഫ്.കെ.കെ.ഡി/പി5/224/10 തീ: 04.07.11 | 2 |
| 1997-98 | എൽ.എഫ്.കെ.കെ.ഡി/പി5/224/10 തീ: 04.07.11 | 1 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി/എസ്3/1247/10തീ :13.09.2005 | 11 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി/എസ്3/701/03തീ :13.09.2005 | 14 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി/എസ്3/1362/03തീ :13.09.2005 | 9 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി/പി 5/1175/11 തീ :1.09.2011 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി/പി 5/1094/08 തീ :04.03.2009 | 4 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി/പി 5/1083/09 തീ :05.10.2009 | 7 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി/പി 5/462/10 തീ :22.05.2010 | 12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി/പി 5/74/11(1) തീ :10.05.2011 | 10 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി/എസ്2/1172/10തീ :23.08.2011 | 23 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി/പി 11/1916/10തീ :25.03.2013 | 17 |
| 2010-11,2011-12 | എൽ.എഫ്.കെ.കെ.ഡി/പി 11/2203/14തീ :07.02.2015 | 07 |

| | | |
|---|---|---|
| 2012-13,2013-14 | എൽ എഫ് എ കെ കെ ഡി/പി11/428/2015 | 22 |
| 2014 – 15 | കെ.എസ്.എ.കെ.കെ.ഡി/പി11/1218/2016 തീയ്യതി 11.7.16 | 23 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി11/49/2017 തീയ്യതി 21.01.2017 | 17 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## <u>അനുബന്ധം- 1 & 2</u>

### <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ/കെ.കെ.ഡി/പി.11/1847/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012

തീയ്യതി-12.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികപരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൂണേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.11/1847/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 12.10.2017

## Audit Certificate

Certified thaht I have audited the Annual Financial Statement of Thuneri Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Thuneri Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.